# Mathrubhumi

# 23 August 2018

# Kochi, After Flood, Flood Victims

## നടുക്കം മാറാതെ



ചെങ്ങമനാടിനടുത്ത് അയിരൂരിലെ ദുരിതാശ്വാസ ക്യാമ്പിൽ അലീനയും കൂട്ടുകാരും

**കൊച്ചി** ▸ ചുറ്റിനും കലിപൂണ്ട പ്രളയജലം. ഏതാനും കാലടിപ്പാടുകൾ അകലെയായി ഒരു കോൺക്രീറ്റ് കൂമ്പാരം. ആ കല്ലുകൾക്കും വെള്ളക്കെട്ടിനുമിടയിൽ ശ്വാസം നിലച്ച ചില ശരീരങ്ങളുണ്ടെന്നത് ജാനിനെ നടുക്കി.

'അതേക്കുറിച്ച് ഓർക്കുമ്പോ തന്നെ പേടിയാകും. ഞങ്ങടെ കൺമുമ്പിലാ ആ കെട്ടിടം തകർന്നത്. ശരിക്കും പേടിച്ചുപോയി' - ഒൻപതാം ക്ലാസുകാരൻ ജാൻ ഫ്രാൻസിസും കുടുംബവും പ്രളയത്തിൽനിന്ന് അഭയം തേടിയത് പള്ളിമേട തകർന്ന് ആറുപേർ മരിച്ച കുത്തിയതോട് സെയ്ന്റ് സേവ്യേഴ്സ് പള്ളിയിലായിരുന്നു.

''ആ അപകടത്തിനു ശേഷം വെള്ളത്തിലേക്ക് ഇറങ്ങാൻ തന്നെ പേടിച്ചു. വെള്ളത്തിൽ കാൽ തൊട്ടപ്പോൾ ആകെയൊരു നടുക്കമായിരുന്നു''-ജാൻ പറയുന്നു. ഒരാളുടെ മാത്രം അവസ്ഥയല്ലിത്.

'ചതിച്ചുകളഞ്ഞു ഈ മഴ ഞങ്ങളെ'യെന്ന് പറയുകയാണ് പ്ലസ്ടു വിദ്യാർഥിയായ അലീന. അയിരൂരിലെ സെയ്ന്റ് തോമസ് സ്കൂളിന്റെ ക്യാമ്പിലാണ് അലീനയുള്ളത്. 'മഴയോടുള്ള ഇഷ്ടമൊക്കെ ഇപ്പോൾ പോയി.

ഭാഗ്യം കൊണ്ട് മാത്രമാണ് ജീവൻ തിരിച്ചുകിട്ടിയത്' - ഒപ്പമുള്ള അന്നാ മരിയയും സ്റ്റെഫിയും അഖിലയുമെല്ലാം അലീനയുടെ വാക്കുകൾ ശരിവയ്ക്കുന്നു.

'പുസ്തകങ്ങളെല്ലാം വെള്ളത്തിൽ പോയി. ഇനി എന്തു ചെയ്യു'മെന്നാണ് ആറാം ക്ലാസുകാരി സ്റ്റെനിയുടെ പേടി.

പുസ്തകങ്ങൾ മാത്രമല്ല, എസ്.എസ്.എൽ.സി. ബുക്കുൾപ്പെടെ സർട്ടിഫിക്കറ്റുകളെല്ലാം നഷ്ടപ്പെട്ടവരുണ്ട്.

കുത്തിയതോട് മരോട്ടിക്കൽ സേവ്യറിന്റെ പേരക്കുട്ടി ഡാർവിന് ഒന്നര വയസ്സായതേയുള്ളൂ. 'കാറ്റും മഴയുമെല്ലാം കണ്ട് കൊച്ചുവരെ പേടിച്ചുപോയി. എന്തൊരു കരച്ചിലായിരുന്നു കുഞ്ഞ്.

പിന്നെ വലിയ ആളുകളുടെ കാര്യം പറയാനുണ്ടോ...' സേവ്യർ ചോദിക്കുന്നു.